## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1094 28.04.2017 ലെ മറുപടി**

## കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.ദിവാകരൻ:** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) നദികളിലെയും തോടുകളിലെയും നീരൊഴുക്ക് സ്ഥാപിക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞു നിർത്തി സമീപ പ്രദേശത്തെ ഭൂജല വിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി / ആർ.സി.ബികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തികൾ നബാർഡ് പദ്ധതി, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, കാസർഗോഡ് പാക്കേജ് എന്നീ പദ്ധതികളിലുൾപ്പെടുത്തിയും കുളങ്ങളുടെ നവീകരണം, നബാർഡ്, ഒരു പഞ്ചായത്തിൽ ഒരു കുളം, ആർ.ആർ.ആർ, 13-ാം ധനകാര്യ കമ്മീഷൻ എന്നീ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും നടപ്പാക്കി വരുന്നു. കൂടാതെ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, അറ്റകുറ്റപണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയും, ഉപ്പുവെള്ള ഭീഷണിയിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ഓരുമുട്ടുകൾ നിർമ്മിച്ചും കാർഷികാവശ്യങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുന്നുണ്ട്. |

(ബി) 'ഹരിത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ നവീകരിക്കുന്ന കുളങ്ങളുടെ വിശദാംശം നൽകുമോ;

(സി) ഇതിനായി എത്ര രൂപ വകയിരുത്തി യിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ബി) & (സി)

ആദ്യ ഘട്ടമായി ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ 1122 കുളങ്ങൾ നവീകരിക്കുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കി MNREGS മുഖേന നടപ്പിലാക്കുന്നതിലേക്കായി ജില്ലാ ഭരണാധികാരികൾക്ക് സമർപ്പിച്ചിട്ടുണ്ട്. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് ജില്ലകൾക്കായി പ്രത്യേക ഫണ്ട് നീക്കി വച്ചിട്ടില്ല. എന്നാൽ കേരളമൊട്ടാകെയുള്ള കുളങ്ങളുടെ നവീകരണത്തിനായി ഈ പദ്ധതിയിൽ 5 കോടി രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**